**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1598** **19-06-2024 - ൽ മറുപടിയ്ക്ക്**

**നികുതി അടക്കാൻ കഴിയാത്തത് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി വില്ലേജിൽ കാരാട്ടുപറമ്പിലെ പ്രദേശവാസികൾക്ക് മിച്ചഭൂമി പ്രശ്നം കാരണം 2006 മുതൽ നികുതി അടക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര പേർ ഈ പ്രയാസം നേരിടുന്നുണ്ടെന്നും എന്തുകൊണ്ടാണ് ഈ ബുദ്ധിമുട്ട് നിലനിൽക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി വില്ലേജിലെ കാരാട്ടുപറമ്പ് നിവാസികളിൽ നൂറിൽപ്പരം കൈവശക്കാർക്ക് ഭൂനികുതി ഒടുക്കാൻ കഴിയാത്ത വിഷയം, റവന്യൂ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത റവന്യൂ അസംബ്ലിയിൽ ഉന്നയിക്കുകയും, പ്രസ്തുത വിഷയം അടിയന്തിരമായി പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 60ൽപരം കൈവശകക്ഷികളുടെ കൈവശരേഖകൾ പരിശോധിച്ച് ഭൂനികുതി സ്വീകരിച്ചിട്ടുണ്ട്. ബാക്കി കൈവശകക്ഷികളുടെ രേഖകൾ പരിശോധിച്ച് നികുതി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത റവന്യൂ അസംബ്ലിയിൽ നിയോജകമണ്ഡലം എം.എൽ.എ. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് ശേഷം പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിൽ ഉണ്ടായ പുരോഗതി അറിയിക്കുമോ? | (ബി) | മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി വില്ലേജിലെ കാരാട്ടുപറമ്പ് നിവാസികളിൽ നൂറിൽപ്പരം കൈവശക്കാർക്ക് ഭൂനികുതി ഒടുക്കാൻ കഴിയാത്ത വിഷയം, റവന്യൂ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത റവന്യൂ അസംബ്ലിയിൽ ഉന്നയിക്കുകയും, പ്രസ്തുത വിഷയം അടിയന്തിരമായി പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 60ൽപരം കൈവശകക്ഷികളുടെ കൈവശരേഖകൾ പരിശോധിച്ച് ഭൂനികുതി സ്വീകരിച്ചിട്ടുണ്ട്. ബാക്കി കൈവശകക്ഷികളുടെ രേഖകൾ പരിശോധിച്ച് നികുതി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ